# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6076** **07.11.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## എസ്.എച്ച്.എം. പദ്ധതി പ്രകാരം മാവിൻതൈ വിതരണം

ചോദ്യം
ശ്രീ.ബി.സത്യൻ

മറുപടി
ശ്രീ. വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) എസ്.എച്ച്.എം.പദ്ധതി പ്രകാരം 2010 മുതൽ മാവിൻതൈ വിതരണം നടത്തുന്നതിനായി കൃഷി വകുപ്പിൽ മാവിൻ തൈകൾ വാങ്ങിയത് ഏതെല്ലാം ഏജൻസികൾ വഴിയാണെന്നും ഒരു തൈയ്ക്ക് എത്ര രൂപാ വീതം ചെലവായി എന്നും വ്യക്തമാക്കമോ;

എ) 2010-11 മുതൽ 2012-13 സാമ്പത്തികവർഷം വരെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള കർഷകർക്ക് വിതരണം നടത്തുന്നതിനായി അതത് ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനുകൾ മുഖാന്തിരമാണ് മാവിൻതൈകൾ വാങ്ങിയത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഏജൻസി | മാവിൻ തൈയുടെ വില |
|---|---|---|
| 2010-11 | റെയ്ഡ്കോ, തിരുവനന്തപുരം | 30/- |
| | വിഎഫ്.പി.സി.കെ | 30/- |
| | സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി | 30/- |
| | ഫ്ളോറ ഗാർഡൻസ് മണ്ണഞ്ചേരി | 34/- |
| | കെയ്കോ | 38/- |
| 2011-12 | ഫ്ളോറ ഗാർഡൻസ് മണ്ണഞ്ചേരി | 34/- |
| | കെയ്കോ | 38/- |
| 2012-13 | ആർ.എ.ആർ.എസ്., പീലിക്കോട് | 34/- |
| | കാർഷിക കോളേജ്, പടനക്കാട് | 35/- |
| | ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് | 40/- |
| | ആറളം ഫാമിംഗ് കോർപ്പറേഷൻ | 43/- |

| | | |
|---|---|---|
| | സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി | 45/- |
| | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി, മലപ്പുറം | 45/- |
| | കെയ്കോ | 50/- |
| | സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി, തൃശ്ശൂർ | 50/- |

2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മാവിൻതൈകൾ വിതരണം ചെയ്യുന്നതിനായി ഹോർട്ടി ക്കോർപ്പിൽ നിന്നും തൈ ഒന്നിന് 55/- രൂപ നിരക്കിലാണ് വാങ്ങിയത്.

2014-15 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കാസറഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം കോഴിക്കോട് എന്നീ ജില്ലകളിൽ അതത് ജില്ലാ ഹോർട്ടി ക്കൾച്ചർ മിഷനുകൾ മുഖാന്തിരം ആറളം ഫാമിംഗ് കോർപ്പറേഷൻ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും തൈ ഒന്നിന് 45/- രൂപ നിരക്കിൽ വാങ്ങുകയുണ്ടായി. ശേഷിക്കുന്ന ജില്ലകളിൽ മാവിൻതൈകൾ വിതരണം ചെയ്യുന്നതിനായി ഗ്രീൻ മെഡോസ് അഗ്രി ഹോർട്ടി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന ഏജൻസി വഴി തൈ ഒന്നിന് 43.75 രൂപ നിര ക്കിലും വാങ്ങിച്ചിട്ടുണ്ട്

13-ാമത് ഫിനാൻസ് കമ്മീഷന്റെ സാമ്പത്തികസഹായത്തോടെ കുട്ടനാട് പായ്ക്കേജിൽ ഫലവർഗ്ഗ വിളകളുടെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള 2014-15 ൽ മാവിൻതൈകൾ തൈ ഒന്നിന് 42 രൂപ

നിരക്കിൽ ഗ്രീൻ മെഡോസ് അഗ്രി ഹോർട്ടി സൊല്യൂഷൻ, എറണാകുളം എന്ന ഏജൻസി വഴി കുട്ടനാട് പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്

കൂടാതെ, സംസ്ഥാന ഹോർട്ടി ക്കൾച്ചർ മിഷൻ കേരള, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ 'വീട്ടുവളപ്പിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം' എന്ന പദ്ധതി യിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മാവിൻതൈകൾ തൈ ഒന്നിന് 38.80 രൂപ നിരക്കിൽ വൃക്ഷ നഴ്സറി, വയനാട് നിന്നും വാങ്ങിച്ചിട്ടുണ്ട്.

ബി) ഓരോ വർഷവും ഈയിനത്തിലുണ്ടായ ചെലവ് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ബി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം കർഷകർക്ക് വിതരണം ചെയ്യു ന്നതിനായി മാവിൻതൈ വാങ്ങിയതിന്റെ വർഷം തിരിച്ചുള്ള ചെലവ് ചുവടെ ചേർക്കുന്നു. 2016 മാർച്ച് മാസത്തിൽ മാവിൻതൈ വാങ്ങിയ വകയിൽ ചെലവായ തുകയാണ് 2016-17 സാമ്പത്തിക വർഷത്തിൽ കാണിച്ചിരിക്കുന്നത്:-

| സാമ്പത്തിക വർഷം | ചെലവ് (രൂപ) |
|---|---|
| 2010-11 | 2657710/- |
| 2011-12 | 5582568/- |
| 2012-13 | 3459526/- |
| 2013-14 | 7559000/- |
| 2014-15 | 10370250/- |
| 2015-16 | 57474033/- |
| 2016-17 | 21978141/- |
| ആകെ | 10,90,81,228/- |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം മാവിൻതൈ വാങ്ങിയതിന് ഒരു തൈയ്ക്ക് എത്ര രൂപാ വീതം ചെലവായി? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മാവിൻ തൈകൾ വാങ്ങിയിട്ടില്ല |

s. [signature]

**സെക്ഷൻ ഓഫീസർ**